# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3244
**25.06.2012 - ലെ മറുപടിയ്ക്ക്**

**സർക്കാർ സർവ്വീസിൽ ഓരോ ജില്ലകളിലുമായി സൃഷ്ടിച്ച സൂപ്പർ ന്യൂമററി തസ്തികകൾ**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. സാജു പോൾ | | **ശ്രീ. ഉമ്മൻ ചാണ്ടി**<br>ബഹു: മുഖ്യമന്ത്രി |
| എ) | സർക്കാർ സർവ്വീസിൽ ഓരോ ജില്ലകളിലുമായി എത്ര സൂപ്പർ ന്യൂമററി തസ്തികകൾ ഇതുവരെ സൃഷ്ടിച്ചിട്ടുണ്ടെന്ന് പറയാമോ; | 2011-12 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തൊട്ടാകെ 6198 സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം ഇപ്പോൾ ലഭ്യമല്ല. |
| ബി) | അവയിൽ ഓരോ ജില്ലകളിലുമായി എൽ.ഡി. ക്ലാർക്കുമാരുടെ എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; | |
| സി) | ഇത്തരത്തിൽ സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിക്കുവാനുള്ള ഉത്തരവ് പുറത്തിറക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ന്; ഉത്തരവ് നമ്പർ ഏത്; വിശദമാക്കുമോ; | 2012 മാർച്ച് മാസത്തിൽ വിവിധ വകുപ്പുകളിൽ നിന്നും ജീവനക്കാർ വിരമിച്ചിരുന്നുവെങ്കിൽ ഉണ്ടാകുമായിരുന്ന ഒഴിവുകളിൽ ഭൂരിപക്ഷവും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന ഒഴിവുകളിൽ ആവശ്യമായ സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിക്കുന്നതിന് 22.03.2012 ലെ ജി.ഒ. (പി) നമ്പർ 170/12/ധന. പ്രകാരം, സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| ഡി) | ഓരോ ജില്ലയിലുമായി എത്ര എൽ.ഡി. ക്ലാർക്ക് ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കുമോ? | എല്ലാ ജില്ലകളിലുമായി ആകെ 1071 എൽ..ഡി. ക്ലാർക്ക് ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

## എൽ.ഡി. ക്ലാർക്ക് തസ്തികയിലെ ഒഴിവുകൾ

| ജില്ല | ഒഴിവുകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 622 |
| കൊല്ലം | 14 |
| പത്തനംതിട്ട | 20 |
| ആലപ്പുഴ | 19 |
| കോട്ടയം | 19 |
| ഇടുക്കി | 19 |
| എറണാകുളം | 176 |
| തൃശ്ശൂർ | 37 |
| പാലക്കാട് | 18 |
| മലപ്പുറം | 39 |
| കോഴിക്കോട് | 45 |
| വയനാട് | 9 |
| കണ്ണൂർ | 22 |
| കാസർഗോഡ് | 12 |
| ആകെ | 1071 |

സെക്ഷൻ ഓഫീസർ